# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 15.01.2026

## ജനുവരി 19 വരെ സ്പോട്ട് ബുക്കിംഗ്

ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി അയ്യപ്പഭക്തർക്ക് ദർശനം അനുവദിക്കുന്ന ജനുവരി 19 വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും ജനുവരി 19 വരെയുണ്ടാകും. ജനുവരി 17 വരെയാണ് തിരുവാഭരണം ചാർത്തിയുള്ള അയ്യപ്പദർശനം. ജനുവരി 18 വരെയാണ് നെയ്യഭിഷേകം. ജനുവരി 19 രാത്രി വരെ ഭക്തർക്ക് ദർശന സൗകര്യമുണ്ട്. ജനുവരി 18 വരെ ഓരോ ദിവസവും വെർച്വൽ ക്യൂ വഴി 50,000 പേരെയും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേരെയും പ്രവേശിപ്പിക്കും. ജനുവരി 19ന് വെർച്വൽ ക്യൂ വഴി 30,000 പേരെയും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേരെയും കടത്തിവിടും.ജനുവരി 19 ന് മാളികപ്പുറത്ത് ഗുരുതി നടക്കും. ജനുവരി 20ന് പന്തളം രാജപ്രതിനിധി ദർശനം നടത്തിയതിന് ശേഷം മണ്ഡല, മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് നടഅടയ്ക്കും.

## പടിപൂജ ഇന്ന് (ജനുവരി 16) മുതൽ

ശബരിമല മകരവിളക്ക് തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് ഇന്ന് (ജനുവരി 16) തുടക്കം. വ്രതാനുഷ്ഠാനങ്ങളോടെ ഇരുമുടിക്കെട്ടേന്തി ദർശനത്തിനായി ഭക്തർ കയറുന്ന പവിത്രമായ പതിനെട്ടു പടികളിലും പൂക്കളും പട്ടുവസ്ത്രങ്ങളും ദീപങ്ങളും അർപ്പിച്ചാണ് പടിപൂജ നടത്തുന്നത്. ദീപാരാധനയ്ക്ക് ശേഷം 6.45 മണിയോടെയാണ് പൂജ

നടക്കുക. തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെയും മേൽശാന്തി ഇ.ഡി പ്രസാദ് നമ്പൂതിരിയുടെയും കാർമികത്വത്തിലാണ് ഒരു മണിക്കൂറോളം നീളുന്ന പൂജ. ഈ സമയം ഭക്തർക്ക് പ്രവേശനമില്ല.
ഓരോ പടിയിലും ദേവചൈതന്യം ആവാഹിച്ചിട്ടുണ്ടെന്നാണ് വിശ്വാസം. ശബരിമല അടക്കമുള്ള പതിനെട്ട് മലകളെയാണ് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്നാണ് സങ്കൽപം. ദീപപ്രഭയിൽ ജ്വലിച്ച് പുഷ്പങ്ങളാൽ അലംകൃതമായ പതിനെട്ടുപടികളുടെ അപൂർവ്വ കാഴ്ച ഭക്തർക്ക് സായൂജ്യമേകും.

## ആഗ്രഹം സഫലം; അയ്യന്റെ സന്നിധിയിൽ സോപാനസംഗീതവുമായി ബഹറിനിൽ നിന്നു കലാകാരന്മാർ

ആഗ്രഹം സഫലമായതിന്റെ സായൂജ്യത്തിലാണ് സോപാനസംഗീതം കലാകാരന്മാരായ അമ്പലപ്പുഴ വിപിൻദേവും അരുൺ ദാസും. ബഹറിനിൽ ജോലി ചെയ്യുമ്പോഴും അയ്യന്റെ മുന്നിൽ കീർത്തനം ആലപിക്കണമെന്നായിരുന്നു ഇരുവരുടെയും ആഗ്രഹം. സന്നിധാനത്ത് സോപാനസംഗീതം അവതരിപ്പിക്കാനായി ഇരുവരും പ്രത്യേക അവധിയെടുത്ത് നാട്ടിലെത്തുകയായിരുന്നു. സന്നിധാനം ഓഡിറ്റോറിയത്തിൽ അരങ്ങേറിയ ഇവരുടെ കലാവിരുന്ന് അയ്യപ്പ ഭക്തർക്ക് ഭക്തിസാന്ദ്രമായ സംഗീത അനുഭവമായി. 'സോപാനം വാദ്യകലാസംഘം ബഹറിൻ' അംഗങ്ങളാണ് അമ്പലപ്പുഴ വിപിൻദേവും അരുൺ ദാസും. ഇവർക്കൊപ്പം നാട്ടിലെ താളം കലാകാരൻ യു. സച്ചിനുമുണ്ടായിരുന്നു സന്നിധാനത്തെ സംഗീതപരിപാടിയിൽ. അമ്പലപ്പുഴ യോഗം പേട്ട സംഘത്തിന്റെ ഒപ്പമാണ് ഇവർ ശബരിമലയിൽ എത്തിയത്. വിപിൻദേവ് സ്വന്തമായി രചിച്ച് സംഗീതം നൽകിയ കീർത്തനങ്ങളാണ് ആലപിച്ചത്.

## ഭക്തിസാന്ദ്രമായി അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങളുടെ ശീവേലി എഴുന്നള്ളത്ത്

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായുള്ള  അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങളുടെ ശീവേലി എഴുന്നള്ളത്ത് ശബരിമല സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കി. ജനുവരി 15 ന് വൈകിട്ട് അഞ്ചിന് മാളികപ്പുറം മണിമണ്ഡപത്തിൽ നിന്നും സന്നിധാനത്തേക്ക് സ്വാമി അയ്യപ്പന്റെ മാതൃസ്ഥാനീയരായി കരുതപ്പെടുന്ന അമ്പലപ്പുഴ സംഘത്തിന്റേതായിരുന്നു ആദ്യ എഴുന്നള്ളത്ത്. സമൂഹ പെരിയോൻ എൻ ഗോപാലകൃഷ്ണ പിള്ളയുടെ നേതൃത്വത്തിൽ 250 ഓളം പേരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. വാദ്യമേളങ്ങളുടെ അകമ്പടിയോടെ മണിമണ്ഡപത്തിലെ പൂജാരി പൂജിച്ചുനൽകിയ പന്തളം കൊട്ടാരത്തിൽ നിന്നുള്ള തിടമ്പും തിരുവാഭരണത്തോടൊപ്പം എത്തിയ കൊടിക്കൂറയും എഴുന്നള്ളിച്ചു. സ്വാമിമാരും മാളികപ്പുറങ്ങളും കർപ്പൂര താലമേന്തി എഴുന്നള്ളത്തിൽ അണിനിരന്നു. 18–ാം പടിയിൽ കർപ്പൂര ആരതി നടത്തി. ക്ഷേത്രം പ്രദക്ഷിണം ചെയ്ത് മാളികപ്പുറത്ത് എത്തി ഇറക്കി എഴുന്നള്ളിച്ചു. മാളികപ്പുറത്തു നിന്ന് തിരികെ എത്തി തിരുവാഭരണം ചാർത്തിയ അയ്യപ്പവിഗ്രഹം ദർശിച്ച് കർപ്പൂരാഴി പൂജ നടത്തിയതോടെ 10 നാൾ നീണ്ട അമ്പലപ്പുഴ സംഘത്തിന്റെ ശബരിമല തീർഥാടനത്തിന് സമാപനമായി. മകരവിളക്ക് ദിനത്തിൽ രാവിലെ നെയ്യഭിഷേകവും അത്താഴപൂജയ്ക്ക് മഹാനിവേദ്യവും സംഘം നടത്തി. അമ്പലപ്പുഴ സംഘം പ്രസിഡന്റ് ആർ ഗോപകുമാർ, കരപെരിയോൻമാരായ സദാശിവൻ പിള്ള, ചന്തു എന്നിവർ നേതൃത്വം നൽകി.

അയ്യപ്പസ്വാമിയുടെ പിതൃസ്ഥാനീയരായി കരുതപ്പെടുന്ന ആലങ്ങാട് സംഘത്തിന്റെ കർപ്പൂര താലം എഴുന്നള്ളത്തും സന്നിധാനത്ത് നടന്നു. പെരിയോൻ പ്രദീപ് ആർ മേനോൻ സ്വാമിയുടെ നേതൃത്വത്തിൽ അയ്യപ്പനെ ഭജിച്ച് നീങ്ങിയ

സംഘം ഭക്തിയുടെ നിറവിൽ ചുവടുവച്ചു. മാളികപ്പുറത്ത് മണിമണ്ഡപത്തിൽ നിന്നും പൂജിച്ച് വാങ്ങിയ ഗോളകയും കൊടിക്കൂറയും തിരുവാഭരണത്തോടൊപ്പം എത്തിയ തിടമ്പും ചാർത്തിയാണ് കർപ്പൂര താലം എഴുന്നള്ളിയത്. ശുഭ്രവസ്ത്രം ധരിച്ച് കർപ്പൂര താലമേന്തി യോഗാംഗങ്ങൾ അണിനിരന്നു. ആലങ്ങാട് ചെമ്പോല കളരിയിലാണ് അയ്യപ്പൻ ആയോധന കല അഭ്യസിച്ചതിന് ശേഷമാണ് എരുമേലിയിൽ പോയതെന്നാണ് വിശ്വാസം. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പതിനെട്ടാംപടിയിൽ എത്തിയ ശേഷം പടികൾ കഴുകി കർപ്പൂര പൂജയും ആരാധനയും നടത്തി അയ്യപ്പദർശനശേഷം മാളികപ്പുറത്തേക്ക് മടങ്ങി. സംഘം പ്രസിഡന്റ് സജീവ് കുമാർ തത്തയിൽ, സെക്രട്ടറി രാജു എരുമക്കാട്ട്, രക്ഷാധികാരി ഡോ. രാജഗോപാൽ എന്നിവർ നേതൃത്വം നൽകി.

**മകരവിളക്ക് മഹോത്സവം: പുരാതന വാമൊഴി ശീലുകളുമായി നായാട്ടുവിളി**

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ശബരിമലയിൽ പുരാതന വാമൊഴി ശീലുകളുമായി നായാട്ടുവിളി. മകരവിളക്കുദിനം മുതൽ തുടർച്ചയായി അഞ്ച് ദിവസം നായാട്ടുവിളിയുണ്ട്. പതിനെട്ടാം പടിക്ക് താഴെയുള്ള നിലപാട്തറയിൽ നിന്ന് തെക്കോട്ട് നോക്കിയാണ് നായാട്ടുവിളി. അവസാന ദിവസം ശരംകുത്തിയിലാണ് ചടങ്ങ്. അയ്യപ്പസ്വാമിയുടെ കാവലാളുകളായ ഭൂതഗണങ്ങളും മലദൈവങ്ങളും മകരവിളക്ക് മഹോത്സവ വേളയിൽ ശബരിമലയിൽ നിന്ന് ഉൾക്കാടുകളിലേക്ക് പോകും. ഇവരെ അയ്യപ്പസ്വാമി നേരിട്ട് വിളിച്ച് ശബരിമലയിലേക്ക് കൂട്ടിക്കൊണ്ട് വരുമെന്നാണ് വിശ്വാസം. ഇതിനായാണ് നായാട്ടുവിളി സംഘം ശരംകുത്തിയിലേക്ക് പോകുന്നത്.

പദ്യരൂപത്തിൽ ചിട്ടപ്പെടുത്തിയ അയ്യപ്പചരിതവും ഐതിഹ്യവും ദ്രാവിഡ മലയാളഭാഷയിൽ അവതരിപ്പിക്കുന്ന തലമുറകളിലൂടെ വാമൊഴിയായി പകർന്നുവന്ന ശീലുകളാണ് നായാട്ടുവിളി എന്നറിയപ്പെടുന്നത്. അയ്യപ്പസ്വാമിയുടെ ഐതിഹ്യം ആസ്പദമാക്കിയ 576 ശീലുകൾ നായാട്ടുവിളിയിൽ ഉൾക്കൊള്ളുന്നു. ശബരിമല ക്ഷേത്രത്തിന്റ തുടക്ക കാലം മുതൽ തുടരുന്ന ഈ ആചാരത്തിൽ നായാട്ടുവിളിക്കുന്നയാൾ ഓരോ ശീലും ചൊല്ലി കഴിയുമ്പോൾ കൂടെയുള്ളവർ "ഈ ഹൂയി" എന്ന് മുഴക്കുന്നു. ഭഗവാൻ അയ്യപ്പന്റെ മകരമാസ മഹോത്സവം നടക്കുകയാണെന്ന് അക്കരക്കരയിലെ ജനങ്ങളെ അറിയിക്കാൻ വേണ്ടിയാണ് "ഈ ഹൂയി" വിളിക്കുന്നത്. പതിനെട്ടാം പടിക്ക് താഴെയുള്ള അയ്യപ്പസ്വാമി മുകളിലുള്ള ശ്രീധർമശാസ്താവിനെ കാണാൻ വരുന്ന സന്ദർഭം കൂടിയാണ് നായാട്ട് വിളി.
നായാട്ട് വിളിക്കുറുപ്പ് ഉൾപ്പെടെ 12 പേരാണ് നായാട്ടുവിളി സംഘത്തിൽ ഉള്ളത്. റാന്നി –പെരുനാട് വെള്ളാളകുലരായിട്ടുള്ള പുന്നമൂട്ടിൽ കുടുംബത്തിനാണ് നായാട്ട് വിളിക്കുള്ള കാരാഴ്മ അവകാശം പന്തളം രാജാവ് കൽപിച്ചു നൽകിയത്. നിലവിൽ പുന്നമ്മൂട്ടിൽ പി.ജി. മഹേഷ് ആണ് നായാട്ടുവിളിയിലെ ശീലുകൾ ചൊല്ലുന്നത്.